മുദ്രകൾ

# കേന്ദ്ര മദ്റസാ ബോർഡും വിവാദങ്ങളും

**2008–ൽ** തയാറാക്കിയ കേന്ദ്ര മദ്റസാ ബോർഡ് ആക്ടിന്റെ കരട് രേഖ ഉത്തരേന്ത്യയിൽ വിവാദങ്ങൾക്കും ചർച്ചകൾക്കും വഴിയൊരുക്കിയിരിക്കുന്നു. ഈ ആക്ട് അപകടം പിടിച്ച ഒന്നാണെന്നും ഒരു കാരണവശാലും നടപ്പിലാക്കരുതെന്നുമാണ് മുസ്‌ലിം സ്ഥാപനാധികൃതരും സംഘടനാ പ്രതിനിധികളും ഉയർത്തുന്ന ശക്തമായ ആവശ്യം. ഇന്ത്യയിലെ മുഴുസമയ മദ്റസകളുടെ സിലബസുകളിൽ കാലാനുസൃതമായ പരിഷ്കരണങ്ങൾ വരുത്തി, സാമ്പത്തിക സഹായമടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഒന്നാണ് നിർദിഷ്ട ആക്ട്. കേരളത്തിൽ അത്തരം മദ്റസകൾ ഇല്ലാത്തതിനാൽ അതിവിടെ ചർച്ചയാവുന്നില്ല എന്നേയുള്ളൂ.

ആക്ട് പ്രാബല്യത്തിൽ വരുന്നതോടെ മദ്റസകൾ ഗവൺമെന്റിന്റെ പൂർണ നിയന്ത്രണത്തിലാവും എന്നാണ് പ്രധാന ആരോപണം. ഇതിലേക്ക് ആഗോള സാഹചര്യവും കൂടി ചേർത്തുവെക്കുമ്പോഴേ അപകടത്തിന്റെ വ്യാപ്തി മനസ്സിലാവൂ എന്നും വിമർശകർ ചൂണ്ടിക്കാട്ടുന്നു. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മദ്റസകളെയെല്ലാം ഭീകരവാദത്തിന്റെ വളർത്തുകേന്ദ്രങ്ങളായാണ് അമേരിക്കയും കൂട്ടാളികളും കാണുന്നത്. അതിനാൽ മദ്റസാ ബോർഡ് ആക്ടിന്റെ പിന്നിൽ കൃത്യമായ രാഷ്ട്രീയ അജണ്ടയില്ലേ എന്നവർ സംശയിക്കുന്നു.

ഈ വിഷയം ചർച്ചചെയ്യാനായി *ദഅ്‌വത്ത്* ത്രൈദിന ഉർദു പത്രം അതിന്റെ ഒരു ലക്കം (2009 നവംബർ 16) തന്നെ നീക്കിവെച്ചിരിക്കുന്നു. മുൻ എം.പി സയ്യിദ് ശഹാബുദ്ദീൻ, ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറി മുഹമ്മദ് അശ്ഫാഖ് അഹ്മദ് തുടങ്ങിയ പ്രമുഖരുടെ ലേഖനങ്ങളും മുസ്‌ലിം പേഴ്സണൽ ബോർഡ് പ്രസിഡന്റ് മൗലാനാ റാബിഅ് നദ്‌വി, ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് അർശദ് മദനി, ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസർ ഉമരി തുടങ്ങി നിരവധി സംഘടനാ നേതാക്കളുടെ അഭിപ്രായങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. എല്ലാവരും നിർദിഷ്ട ആക്ട് അമേരിക്കൻ താൽപര്യ സംരക്ഷണത്തിന് വേണ്ടി തയാറാക്കിയതാണെന്ന് കുറ്റപ്പെടുത്തുന്നു. 'കേന്ദ്ര മദ്റസാ ബോർഡ്: നേട്ടവും കോട്ടവും'എന്നാണ് ചർച്ചക്ക് പേരിട്ടിരിക്കുന്നതെങ്കിലും അനുകൂലിച്ച് സംസാരിക്കുന്ന ആരെയും കാണുന്നില്ല.

ആക്ടിൽ മാറ്റത്തിരുത്തലുകൾ വേണമെന്നല്ല, അത് പിൻവലിക്കണമെന്നാണ് പൊതുവെ ഉയരുന്ന ആവശ്യം. ആശങ്കക്ക് വകയുള്ള വകുപ്പുകൾ നീക്കുകയോ ഭേദഗതി നടത്തുകയോ ചെയ്താൽ പ്രശ്നം പരിഹരിക്കാനാവുമോ എന്ന നിലക്ക് ചർച്ച നീങ്ങുന്നില്ല. ഉത്തരേന്ത്യൻ മദ്റസകളിലെ കാലഹരണപ്പെട്ട സിലബസുകളിൽ പരിഷ്കരണം വേണമെന്ന ആവശ്യവും ഉയരുന്നില്ല. സച്ചാർ കമ്മിറ്റി നിർദേശങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന മറ്റു ന്യൂനപക്ഷ വിദ്യാഭ്യാസ സംരംഭങ്ങൾക്കെതിരെയും ഇതേ ന്യായങ്ങൾ ഉന്ന

യിക്കാവുന്നതേയുള്ളൂ. ഏകപക്ഷീയ അഭിപ്രായ പ്രകടനങ്ങൾക്ക് പകരം, എല്ലാ വശങ്ങളും സ്പർശിക്കുന്ന സ്വതന്ത്ര ചർച്ചയാണ് വേണ്ടിയിരുന്നത്. ■

# വാളും വചനവും




**അറിയപ്പെടുന്ന** ഇസ്‌ലാമിക ചരിത്ര പണ്ഡിതനാണ് ഇമാദുദ്ദീൻ ഖലീൽ. ഇറാഖിയാണ്. 1939–ൽ മൗസി ലിൽ ജനനം. ഖുർആന്റെ ചരിത്ര ദർശനത്തെക്കുറിച്ചും മുസ്‌ലിം ചരിത്രത്തിലെ നിർണായക സംഭവങ്ങളെക്കുറിച്ചും ധാരാളം എഴുതി. കവിയും നോവലിസ്റ്റും നാടകകൃത്തും കൂടിയാണ് ഇദ്ദേഹം. മിക്ക സർഗാത്മക കൃതികളും ചരിത്ര സംഭവങ്ങൾ ആധാരമാക്കി രചിച്ചവ. അവയിൽ ഏറ്റവുമൊടുവിലത്തേതാണ് 'വാളും വചനവും' (*അസ്സൈഫു വൽ കലിമ*) എന്ന നോവൽ. ഇവിടെയും ഒരു പ്രധാന ചരിത്ര സംഭവം തന്നെയാണ് ഇതിവൃത്തം– ബഗ്ദാദിനു മേൽ ഹിജ്റ ഏഴാം നൂറ്റാണ്ടിൽ നടന്ന മംഗോളി അധിനിവേശം. മംഗോൾ സേനാ നായകൻ ഹുലാക്കുവിന്റെ അതിക്രമങ്ങളും ചതിപ്രയോഗങ്ങളും വായിച്ചുപോകവെ, ഇതൊക്കെയും വർത്തമാനകാല ഇറാഖ് അനുഭവിച്ചു തീർക്കുന്ന അമേരിക്കൻ അധിനിവേശത്തെക്കുറിച്ചാണല്ലോ എന്ന് വായനക്കാരൻ തിരിച്ചറിയുന്നു. അവിടെയാണ് നോവലിസ്റ്റിന്റെ വിജയവും. ഒറ്റുകാരും സാമ്രാജ്യത്വ മൂടുതാങ്ങികളും പല പേരുകളിൽ ആഖ്യാനത്തിൽ കടന്നുവരുന്നു.

ചരിത്രം മുഴുവൻ സമകാലിക ചരിത്രമാണെന്ന് ഇറ്റാലിയൻ നിരൂപകൻ ക്രോച്ചെ പറഞ്ഞിട്ടുണ്ട്. ഇവിടെയും മംഗോളിയൻ അധിനിവേശത്തിന്റെ ഭീകരത തുറന്നുകാട്ടിക്കൊണ്ട് അമേരിക്കൻ അധിനിവേശത്തിന്റെ കഥ പറയുകയാണ് നോവലിസ്റ്റ്. 'വാളും വചനവും' എന്ന ശീർഷകത്തിന് നിരവധി അർഥതലങ്ങൾ കണ്ടെത്താനാവും. വാൾ ആയുധശക്തിയെയും വചനം മീഡിയാ പവറിനെയും സൂചിപ്പിക്കുന്നു. ഹുലാക്കുവിന്റെ കള്ളപ്രചാരണങ്ങളിലും മോഹനവാഗ്ദാനങ്ങളിലും വീണുപോയ ഒരു വിഭാഗം അന്ന് ബഗ്ദാദിലുണ്ടായിരുന്നു. അവർക്ക് പിന്നെ കാണാനായത് യൂഫ്രട്ടീസിലും ടൈഗ്രീസിലും മനുഷ്യകബന്ധങ്ങൾ അടിഞ്ഞുകൂടുന്നതാണ്; സംസ്കാരത്തിന്റെ ഈ കളിത്തൊട്ടിൽ സംസ്കാരരാഹിത്യത്തിന്റെ മരുഭൂമിയാവുന്നതാണ്. ബൈറൂത്തിലെ അൽ മർകസുസ്സഖാഫി അൽ അദബി ആണ് നോവലിന്റെ പ്രസാധകർ.

അറബി നിരൂപകനായ ഹിൽമി മുഹമ്മദ് ഖാഊദ് നോവലിനെക്കുറിച്ച് *അൽ മുജ്തമഅ്* വാരികയിൽ ഏഴ് ലക്കം നീളുന്ന ഒരു ആസ്വാദനം എഴുതിവരുന്നുണ്ട്. ■